ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 18.10.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. രാജ്യത്തിന്റെ സ്വയംപര്യാപ്തതയുടെയും തദ്ദേശിയമായ കഴിവുകളുടേയും പ്രതീകമാണ് ബ്രഹ്മോസ് മിസൈലുകളെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says Brahmos missiles are a symbol of the country's self-reliance and indigenous capabilities.**

2) നെടുമ്പാശ്ശേരി എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമാണം  വൈകാതെ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Railway Minister Ashwini Vaishnav says the construction of Nedumbassery Airport Railway Station will begin soon.**

3) ജിഎസ്ടി പരിഷ്കാരങ്ങൾ  ഉത്സവ കാലത്ത് ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽസ്, ഉപഭോക്തൃ വസ്തുക്കൾ തുടങ്ങിയവയുടെ റെക്കോർഡ് വിൽപ്പനയ്ക്ക്  കാരണമായെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

Union Finance Minister Nirmala Sitharaman says the GST reforms have led to record sales of electronics, automobiles, consumer goods, etc. during the festive season.

4) ഫാസ്റ്റ് ടാഗ് വാർഷിക പാസുകൾ സമ്മാനമായി നൽകാൻ അവസരം ഒരുക്കി ദേശീയ പാത അതോറിറ്റി.

National Highways Authority of India has prepared an opportunity to give away FASTag annual passes as gifts.

5) കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. നാല് ജില്ലകളിലും ലക്ഷദ്വീപിലും ഓറഞ്ച് ജാഗ്രത. കേരള കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Rains are intensifying in Kerala. Orange alert in four districts and Lakshadweep. Fishing banned on the coasts of Kerala, Karnataka and Lakshadweep till Wednesday.

6) ഇന്ത്യ-ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ പെർത്തിൽ നടക്കും.

The first match of the India-Australia ODI cricket series will be played in Perth tomorrow.

*****************

**PM SUMMIT**

നക്സൽ മാവോയിസ്റ്റ് ഭീഷണികളിൽ നിന്ന് രാജ്യം എത്രയും വേഗം മുക്തമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിനിടെ മാവോയിസം വലിയ തോതിൽ കുറഞ്ഞതായും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഒരു ടിവി ചാനൽ സംഘടിപ്പിച്ച ലോക ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 11 വർഷം മുമ്പ് രാജ്യത്തെ 125 ജില്ലകളിൽ മാവോയിസ്റ്റ് ഭീകരത നിലനിന്നിരുന്നെങ്കിൽ ഇന്ന്, അത് കേവലം 11 ജില്ലകളിൽ മാത്രമായി കുറഞ്ഞിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

*****************

**<u>REV DAY-UP RAJNATH BRAHMOS (INTRO)</u>**

രാജ്യത്തിന്റെ സ്വയംപര്യാപ്തതയുടെയും തദ്ദേശിയമായ കഴിവുകളുടേയും പ്രതീകമാണ് ബ്രഹ്മോസ് മിസൈലുകളെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഉത്തർപ്രദേശിലെ ലഖ്നൗവിലുള്ള ബ്രഹ്മോസ് എയ്റോസ്പേസ് യൂണിറ്റിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകളുടെ ആദ്യ ബാച്ച് ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. ലഖ്നൗ ബ്രഹ്മോസ് യൂണിറ്റിൽ മിസൈൽ നിർമ്മാണം മുതൽ അന്തിമ പരീക്ഷണം വരെയുള്ള മുഴുവൻ പ്രക്രിയയും തദ്ദേശീയമായാണ് നടത്തിയത്. വേഗത, കൃത്യത, ശക്തി എന്നിവയുടെ സംയോജനം ബ്രഹ്മോസിനെ ലോകത്തിലെ ഏറ്റവും മികച്ച

പ്രതിരോധ സംവിധാനങ്ങളിലൊന്നാക്കി മാറ്റുന്നുവെന്നും ശ്രീ. രാജ്നാഥ് സിംഗ് പറഞ്ഞു.

(വോയിസ് )

*****************

## JITENDRA-NAFITHROMYCIN

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആന്റിബയോട്ടിക്കാണ് നാഫിത്രോമൈസിൻ എന്ന് ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്. രാജ്യത്ത് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ ആന്റിബയോട്ടിക്കാണിതെന്നും അദ്ദേഹം വ്യക്തമാക്കി. ന്യൂഡൽഹിയിൽ ഒരു മെഡിക്കൽ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ശ്വാസകോശ അണുബാധകൾക്കെതിരെ , പ്രത്യേകിച്ച് കാൻസർ രോഗികൾക്കും പ്രമേഹരോഗികൾക്കും ഈ ആന്റിബയോട്ടിക് ഫലപ്രദമാണ്.

*****************

## Aswini Vaishnav-George Kurian

നെടുമ്പാശ്ശേരി എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമാണം ആരംഭിക്കുന്നതിനുള്ള നടപടികൾ വൈകാതെ സ്വീകരിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനെ അറിയിച്ചു. യാത്രക്കാരുടെ ക്ലേശം പരിഹരിക്കാനായി മെമു ട്രെയിനുകൾക് നവംബർ മുതൽ കോച്ചുകൾ വർധിപ്പിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. യാത്രക്കാരുടെ

സൗകര്യാർത്ഥം വിവിധ ട്രെയിനുകൾക്കു സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമെന്നും റയിൽവേ മന്ത്രി പറഞ്ഞു.

*****************

## FESTIVE-FASTag GIFT

ഫാസ്റ്റ് ടാഗ് വാർഷിക പാസുകൾ സമ്മാനമായി നൽകാൻ അവസരം ഒരുക്കി ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. വാണിജ്യേതര വാഹനങ്ങൾക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ രാജ് മാർഗ് യാത്ര മൊബൈൽ ആപ്പ് വഴിയാണ് പാസ് സമ്മാനമായി നൽകാൻ സാധിക്കുന്നത്. ആപ്പ്, ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.

*****************

## IND-AUS CRICKET

ഇന്ത്യ-ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ പെർത്തിൽ നടക്കും. ഇന്ത്യൻ സമയം രാവിലെ 9 ന് മത്സരം തുടങ്ങും. ടി-20, ടെസ്റ്റ് ഫോർമാറ്റുകളിൽ നിന്ന് വിരമിച്ച രോഹിത് ശർമ്മയും വിരാട് കോഹ്ലിയും നാളെ രാജ്യാന്തര മത്സരത്തിന് ഇറങ്ങും.

*****************

## ARCHERY WORLD CUP

ചൈനയിലെ നാൻജിംഗിൽ നടന്ന ആർച്ചറി വേൾഡ് കപ്പ് ഫൈനലിൽ ഇന്ത്യൻ താരം **ജ്യോതി സുരേഖ വെന്നം** വെങ്കലം നേടി. ബ്രിട്ടന്റെ **എല്ല ഗിബ്സണെ** 150-145 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് രാജ്യത്തിന്റെ ആദ്യത്തെ

വനിതാ കോമ്പൗണ്ട്
മെഡൽ ജ്യോതി കരസ്ഥമാക്കിയത്.

*****************

## BWF WORLD JUNIOR CSHIP- BADMINTON

ഗുവാഹത്തിയിൽ നടക്കുന്ന BWF ബാഡ്മിന്റൺ വേൾഡ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ തൻവി ശർമ്മ ഫൈനലിൽ പ്രവേശിച്ചു. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് 16 കാരിയായ തൻവി ഫൈനലിൽ ഇടം നേടിയത്. ഇതോടെ ബാഡ്മിന്റൺ വേൾഡ് ജൂനിയർ ഫൈനലിലെത്തുന്ന അഞ്ചാമത്തെ ഇന്ത്യൻ താരമായി മാറി തൻവി ശർമ്മ.

*****************

## RANJI-CRICKET

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളവും മഹാരാഷ്ട്രയും തമ്മിലുള്ള മത്സരം സമനിലയിൽ അവസാനിച്ചു. രണ്ടാം ഇന്നിങ്സിൽ മഹാരാഷ്ട്ര രണ്ട് വിക്കറ്റിന് 224 റണ്ണെടുത്ത് നിൽക്കെയാണ് മത്സരം സമനിലയിൽ അവസാനിച്ചത്.

*****************

## GST-PC (INTRO)

ജിഎസ്ടി പരിഷ്കാരങ്ങൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വൻ ഉത്തേജനമാണ് നൽകിയതെന്നും ഉത്സവ സീസണിൽ ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽസ്, ഉപഭോക്തൃ വസ്തുക്കൾ തുടങ്ങിയ പ്രധാന

മേഖലകളിൽ റെക്കോർഡ് വിൽപ്പനയ്ക്ക് ഇത് കാരണമായെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ എന്നിവരോടൊപ്പം സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ജിഎസ്ടി നിരക്ക് കുറച്ചതിലൂടെയുള്ള ആനുകൂല്യങ്ങൾ സാധാരണക്കാരിലേക്ക് എത്തുന്നുണ്ടെന്നും ധനമന്ത്രി പറഞ്ഞു.
(HOLD VOICE)
ഈ വർഷത്തെ നവരാത്രി ഉത്സവത്തിൽ ഇലക്ട്രോണിക്സ് വിൽപ്പനയിൽ 25 ശതമാനം വർധനയുണ്ടായതായി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ജിഎസ്ടി പരിഷ്കാരങ്ങൾ കാരണം ഭക്ഷ്യവസ്തുക്കളുടെ വില കുറയുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

*****************

## GST -Beneficiary (INTRO)

പുതുക്കിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ ഗുണകരമായ മാറ്റങ്ങളാണ് വിവിധ മേഖലകളിൽ കൊണ്ടു വന്നത്. മരുന്നുകളുടെ ജിഎസ്ടി നിരക്കിൽ എർപ്പെടുത്തിയ ഇളവ് സാധാരണക്കാർക്ക് വലിയ ആശ്വാസമായതായി കണ്ണൂർ ഇടക്കാട് സ്വദേശി വിനോദ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

*****************

## RAIN-KERALA

കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. നാല് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രതാ മുന്നറിയിപ്പ് നൽകി.
പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിലും ലക്ഷദ്വീപിലും ഓറഞ്ച് ജാഗ്രതയാണ്. 7 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. വിവിധ അണക്കെട്ടുകളിൽ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്.

*****************

## IDUKKI-RAIN (INTRO)

കഴിഞ്ഞ ദിവസത്തെ കനത്ത മഴയെ തുടർന്ന് ഇടുക്കിയിലെ ഡാമുകളിലേക്ക് നീരൊഴുക്ക് ശക്തമായി. റൂൾ കർവ് ലെവൽ പിന്നിട്ട മുല്ലപ്പെരിയാർ ഡാം തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് തുടരുകയാണ്. ഇടുക്കി ഡാമിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കനത്ത ജാഗ്രതയിലാണ് ഇടുക്കി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

*****************

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന്. മൻ കി

ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

*****************

## BIHAR-ELECTION

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലേക്ക് സമർപ്പിച്ച നാമനിർദ്ദേശ പത്രികകളുടെ സൂക്ഷമ പരിശോധന പൂർത്തിയായി. നവംബർ 6 ന് 18 ജില്ലകളിലെ 121 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്നത്. തിങ്കളാഴ്ച വരെ പത്രികകൾ പിൻവലിക്കാം. നവംബർ 11 നാണ് രണ്ടാംഘട്ട വോട്ടെടുപ്പ്. വോട്ടെണ്ണൽ 14-ന് നടക്കും.

*****************

## MAHA - ACCIDENT

മഹാരാഷ്ട്രയിലെ നന്ദുർബാർ ജില്ലയിലെ തലോധ താലൂക്കിലെ ചാന്ദ്ഷൈലി ഘട്ടിൽ പിക്കപ്പ് വാഹനം മറിഞ്ഞ് എട്ട് പേർ മരിച്ചു. 28 പേർക്ക് പരിക്കേറ്റു. 40-ലധികം പേർ വാഹനത്തിൽ യാത്ര ചെയ്തിരുന്നുവെന്നാണ് പ്രാഥമിക വിവരം. പരിക്കേറ്റവരിൽ 15 പേരുടെ നില ഗുരുതരമാണെന്ന് പോലീസ് പറഞ്ഞു.

*****************

## RAILWAYS-ACTION

റെയിൽവേ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകളും വീഡിയോകളും പങ്കിടുന്ന സോഷ്യൽ മീഡിയ

അക്കൗണ്ടുകൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് ഇന്ത്യൻ റെയിൽവേ. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന 20-ലധികം സോഷ്യൽ മീഡിയ അക്കൗണ്ടുകൾ അധികൃതർ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവർക്കെതിരെ എഫ്ഐആർ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 24 മണിക്കൂർ സോഷ്യൽ മീഡിയ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചു.

*****************

## UAE-GAZA AID

ഗാസയ്ക്ക് യു എ ഇയുടെ കൈത്താങ്ങ്. മേഖലയിൽ സഹായം എത്തിക്കുന്ന ദൗത്യത്തിന്റെ ഭാഗമായി 7,200 ടൺ അവശ്യസാധനങ്ങളുമായി കപ്പൽ പുറപ്പെട്ടു. 4,680 ടൺ ഭക്ഷ്യ വസ്തുക്കൾ, ടെന്റുകൾ, ശൈത്യ കാലത്ത് ഉപയോഗിക്കാനുള്ള വസ്ത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന 2,160 ടൺ വസ്തുക്കളാണ് എത്തിച്ചു നൽകുന്നത്. 360 ടൺ മരുന്നും ഇതിൽ ഉൾപ്പെടുന്നു.

*****************

*****************

**********